# ജീവിതയാത്ര

Jeevitha Yatra

KRISHNAMURTI FOUNDATION INDIA SEPTEMBER - DECEMBER 2015 RS.2/- VOL. 11 ISSUE 1

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**

## ഇന്നത്തെ വിദ്യാഭ്യാസം ഒരു തികഞ്ഞ പരാജയമാണ്

***ജെ. കൃഷ്ണമൂർത്തി***

പഠിപ്പില്ലാത്തവനല്ല പാമരൻ, തന്നെത്തന്നെ അറിയാത്തവനാണ്. ധാരണയ്ക്കുവേണ്ടി പുസ്തകം, പ്രമാണം, അറിവ് എന്നിവയെ ആശ്രയിക്കുമ്പോൾ പണ്ഡിതൻ മൂഢനായിത്തീരുന്നു.സ്വീയജ്ഞാനത്തിൽനിന്നു മാത്രമേ ധാരണ ഉണ്ടാകൂ — സ്വീയജ്ഞാനമാകട്ടെ സ്വന്തം മാനസികപ്രക്രിയകളുടെ ആകെത്തുകയെപ്പറ്റിയുള്ള അവബോധമാണ്. അതിനാൽ, വിദ്യാഭ്യാസം എന്നത് ശരിയായ അർത്ഥത്തിൽ അവനവനെപ്പറ്റിയുള്ള ധാരണയാണ്; കാരണം നാം ഓരോരുത്തരിലുമാണ് സമസ്ത അസ്തിത്വവും സമ്മേളിച്ചിരിക്കുന്നത്.

പുസ്തകങ്ങളിൽനിന്നു വിവരങ്ങളും വിജ്ഞാനവും ശേഖരിക്കുന്നതിനെയാണു വിദ്യാഭ്യാസമെന്ന് ഇന്നു നാം പറഞ്ഞുവരുന്നത്; വായിക്കാനറിയുന്ന ആർക്കും ഇതു സാധിക്കുന്നതുമാണ്. ഒരുതരം സൂക്ഷ്മരൂപത്തിൽ ഇത്തരം വിദ്യാഭ്യാസം നമുക്ക് നമ്മിൽനിന്നുതന്നെ ഒളിച്ചോടാനുള്ള സൗകര്യം നല്കുന്നു; എല്ലാ ഒളിച്ചോട്ടങ്ങളെയുംപോലെ ഇത് അനിവാര്യമായും പെരുകുന്ന ദുരിതങ്ങൾ സൃഷ്ടിക്കുന്നു. ആളുകൾ, വസ്തുക്കൾ, ആശയങ്ങൾ എന്നിവയുമായുള്ള നമ്മുടെ തെറ്റായ ബന്ധത്തിൽനിന്ന് സംഘർഷങ്ങളും കുഴപ്പങ്ങളും ഉത്ഭവിക്കുന്നു. ആ ബന്ധം മനസ്സിലാക്കി അതിനു മാറ്റം വരുത്തുന്നതുവരെ കേവലം പഠിക്കുക, വിവരങ്ങൾ ശേഖരിക്കുക, വിവിധ നിപുണതകൾ സമ്പാദിക്കുക എന്നിവയ്ക്കു നമ്മെ പാടേ ഗ്രസിച്ചുകളയുന്ന താറുമാറായ അവസ്ഥയിലേക്കും വിനാശത്തിലേക്കും നയിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ.

ഇന്നത്തെ സമുദായസംവിധാനത്തിൽ നാം ചെയ്തുവരുന്നത്, അവസാനത്തിൽ ഒരു ഉപജീവനമാർഗ്ഗം ലഭിക്കത്തക്ക കുശലത ആർജിക്കു

☞ 2



ജെ. കൃഷ്ണമൂർത്തി ലൈബ്രറി ആൻഡ് ഇൻഫൊർമേഷൻ സെന്റർ, കൊച്ചി, കൃഷ്ണമൂർത്തിയുടെ വിദ്യാഭ്യാസ ദർശനത്തെക്കുറിച്ച്, "Being a teacher" എന്ന ശീർഷകത്തിൽ, ഒരു ദ്വിദിനശില്പശാല, കൊച്ചി വാരിയം റോഡിലെ ലോട്ടസ് ക്ലബ്ബിൽ, 2015 ആഗസ്റ്റ് 8, 9 തീയ്യതികളിൽ സംഘടിപ്പിച്ചു. ചെന്നൈ യിലെ കൃഷ്ണമൂർത്തി സ്കൂളിലെ അദ്ധ്യാപകരാണ് ശില്പശാല നയിച്ചത്.

ആദ്യദിവസത്തെ പരിപാടി, കൃഷ്ണമൂർത്തിയേയും, അദ്ദേഹത്തിന്റെ വിദ്യാഭ്യാസവീക്ഷണത്തേയും അവതരിപ്പിച്ചുകൊണ്ടാണ് തുടങ്ങിയത്. അതിനുശേഷം, "അദ്ധ്യാപകൻ എന്തു ചോദിക്കണം", "ഒരു വിദ്യാലയം എങ്ങനെ ഇരിക്കണം?" എന്ന വിഷയത്തിൽ പ്രസംഗവും ചർച്ചയും നടന്നു. കൃഷ്ണമൂർത്തി 1984ൽ റിഷിവാലി സ്കൂളിലെ വിദ്യാർത്ഥികളുമായി നടത്തിയ സംവാദത്തിന്റെ വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. "അഴിമതിയുടെ മൂലകാരണമെന്ത്" എന്നായിരുന്നു വീഡിയോ പ്രദർശനത്തിന്റെ പ്രമേയം.

ഉച്ചയൂണിനുശേഷം വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിലുള്ള പ്രശ്നങ്ങളെക്കുറിച്ചു ചർച്ച നടന്നു. ആദ്യദിവസത്തെ പരിപാടി കൃഷ്ണമൂർത്തിയുടെ "സമാധാനത്തിൽ മാത്രമേ മനുഷ്യമനസ്സ് സ്വതന്ത്രമാകൂ" എന്ന പ്രഭാഷണത്തിന്റെ വീഡിയോ പ്രദർശനത്തോടെ അവസാനിച്ചു.

രണ്ടാം ദിവസത്തെ പരിപാടി "പഠനവും ഭീതിയും" എന്ന വിഷയത്തിലെ പ്രഭാഷണവുമായി തുടങ്ങി. അതിനുശേഷം "അധ്യാപനം വിചാരപൂർണ്ണമായ പ്രവൃത്തി" എന്ന വിഷയത്തെക്കുറിച്ച് പരിശീലനപാഠവും (exercise) സംവാദവും നടന്നു.

ഊണിനുശേഷം അധ്യാപകരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് "നിങ്ങളാണു ലോകം" എന്ന വിഷയത്തിൽ ഭാഷണവും ചർച്ചയും ഉണ്ടായിരുന്നു. അതിനുശേഷം കുട്ടികളെ വളർത്തുന്നതിനെക്കുറിച്ചും പഠിപ്പിക്കുന്നതിനെക്കുറിച്ചും ഉള്ള ചോദ്യങ്ങൾക്ക് കൃഷ്ണമൂർത്തി മറുപടി പറയുന്ന വീഡിയോ പ്രദർശനവുമുണ്ടായി.

ദ്വിദിന ശില്പശാലയിൽ, ആദ്യദിവസം 80 പേരും, രണ്ടാമത്തെ ദിവസം 50 പേരും പങ്കെടുത്തു.

കൃഷ്ണമൂർത്തിയുടെ ആശയങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഇതുപോലുള്ള പരിപാടികൾ നടത്താൻ, കൊച്ചിയിലെ കൃഷ്ണമൂർത്തി സെന്ററിന് പദ്ധതിയുണ്ട്.

വിശദവിവരങ്ങൾക്ക് മിസ്റ്റർ നിക്സനുമായി ബന്ധപ്പെടുക (ഫോ. 9846539419, 048442985460).

# ഇന്നത്തെ വിദ്യാഭ്യാസം ഒരു തികഞ്ഞ പരാജയമാണ്

ന്നതിനു വേണ്ടി കുട്ടികളെ പള്ളിക്കൂടത്തിലയക്കുകയാണ്. നമ്മുടെ മുഖ്യ ഉദ്ദേശം കുട്ടിയെ ആദ്യന്തം ഒരു സ്പെഷ്യലിസ്റ്റ് ആക്കുകയാണ് – അവന് സാമ്പത്തികമായി സുരക്ഷിതമായ ഒരു സ്ഥാനം കിട്ടുന്നതിനുവേണ്ടി. പക്ഷേ, ഒരു സാങ്കേതികതയുടെ സമ്പാദ്യം നമ്മെത്തന്നെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നുണ്ടോ?

എഴുത്തും വായനയും അറിയേണ്ടതും, എൻജിനീയറിങ്ങോ മറ്റേതെങ്കിലും ജീവിതവൃത്തിയോ പരിശീലിച്ചിരിക്കേണ്ടതും ആവശ്യംതന്നെ, തീർച്ച. എന്നാൽ, ഈ സാങ്കേതിക വൈദഗ്ദ്ധ്യം ജീവിതത്തെ അറിയാൻ നമുക്കു ശേഷി നല്കുമോ? തീർച്ചയായും സാങ്കേതികവൈദഗ്ദ്ധ്യത്തിന് രണ്ടാംകിട പ്രാധാന്യമേ ഉള്ളു. ആ ഒരു കാര്യത്തിനുവേണ്ടി മാത്രമാണ് നാം പാടുപെടുന്നതെങ്കിൽ, ജീവിതത്തിന്റെ അതിമഹത്തരമായ അംശത്തെയാണ് നാം അതുകൊണ്ടു തള്ളിക്കളയുന്നത്.

ജീവിതം എന്നത് വേദന, ആഹ്ലാദം, സൗന്ദര്യം, വൈരൂപ്യം, സ്നേഹം എന്നിവയെല്ലാമാണ്. അതിനെ ഓരോ തലത്തിലും സാകല്യേന നാം അറിയുമ്പോൾ ആ അറിവ് സ്വയം സാങ്കേതികത സൃഷ്ടിക്കുന്നു. പക്ഷേ, ജീവിതത്തെ സർഗ്ഗാത്മകമായി മനസ്സിലാക്കിത്തരാൻ സാങ്കേതികകുശലതയ്ക്ക് ഒരിക്കലും കഴിയുന്നതല്ല.

ഇന്നത്തെ വിദ്യാഭ്യാസം ഒരു തികഞ്ഞ പരാജയമാണ്. കാരണം, അത് സാങ്കേതികതയ്ക്ക് കണക്കില്ലേറെ പ്രാധാന്യം കൊടുക്കുന്നു. സാങ്കേതികതയ്ക്ക് അമിതപ്രാധാന്യം കൊടുക്കുമ്പോൾ നാം മനുഷ്യനെ നശിപ്പിക്കുന്നു. ജീവിതത്തെ മനസ്സിലാക്കാതെ, ഇച്ഛയുടെയും ചിന്തയുടെയും രീതികളെക്കുറിച്ചു സമഗ്രമായ ധാരണകൂടാതെ, കാര്യക്ഷമതയും ശേഷിയും വളർത്തുകകൊണ്ട് നാം അധികമധികം നിർദ്ദാക്ഷിണ്യരായിട്ടാണു തീരുക. അതുകൊണ്ട് കലഹങ്ങൾ ഉത്ഭവിക്കുകയും നമ്മുടെ ഭൗതികമായ സുരക്ഷിതത്വം തന്നെ അപകടത്തിലാകുകയും ചെയ്യുന്നതുമാണ്. സാങ്കേതിക കുശലതയുടെ വികസിപ്പിക്കലിലൂടെ നാം ശാസ്ത്രജ്ഞന്മാർ, ഗണിതജ്ഞന്മാർ, പാലംനിർമ്മിതാക്കൾ, ബഹിരാകാശവിജേതാക്കൾ എന്നിവരെയെല്ലാം ഉത്പാദിപ്പിച്ചിട്ടുണ്ട്. പക്ഷേ, അവർക്കു ജീവിതത്തിന്റെ മൊത്തം പ്രക്രിയകളെപ്പറ്റി വല്ല ബോധവുമുണ്ടോ? ഏതെങ്കിലും സ്പെഷ്യലിസ്റ്റിന് ജീവിതത്തിന്റെ പൂർണ്ണതയെ അനുഭവിക്കാൻ കഴിയുമോ? അയാൾ സ്പെഷ്യലിസ്റ്റ് അല്ലാതായിത്തീർന്നാൽ മാത്രമേ അത് സാധ്യമാവൂ.

സാങ്കേതിക പുരോഗമനം ചിലരുടെ ചിലതരം പ്രശ്നങ്ങളെ ചില തലങ്ങളിൽ പരിഹരിക്കുന്നുവെന്നതു ശരിയാണ്. പക്ഷേ, അത് കൂടുതൽ വിപുലവും അഗാധവുമായ പ്രശ്നങ്ങളെ ക്ഷണിച്ചുവരുത്തുന്നുമുണ്ട്. ജീവിതത്തിന്റെ മൊത്തമായ പ്രക്രിയകളെ ഗണിക്കാതെ ഒരുതലത്തിൽ മാത്രം ജീവിക്കുന്നത് ദുരിതവും നാശവും വിളിച്ചുവരുത്തും എന്നും വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന ജീവിതസങ്കീർണ്ണതകളെ നേരിടത്തക്കവണ്ണം ജീവിതത്തെക്കുറിച്ച് ഒരു ഉദ്ഗ്രഥിത ധാരണയുണ്ടാകുക എന്നുള്ളതാണ് ഓരോ വ്യക്തിയുടെയും ഏറ്റവും വലിയ ആവശ്യവും അടിയന്തരപ്രശ്നവും.

സാങ്കേതികപരിജ്ഞാനം എത്രതന്നെ ആവശ്യമായിരുന്നാലും നമ്മുടെ ആന്തരസമ്മർദ്ദങ്ങളെയും ഉരസലുകളെയും പരിഹരിക്കാൻ അതിനു കഴിവില്ല. ജീവിതത്തിന്റെ ആകമാനമുള്ള പ്രക്രിയ മനസ്സിലാക്കാതെ സാങ്കേതികപരിജ്ഞാനം നേടിയതുകൊണ്ടാണ് സാങ്കേതികവിദ്യ നമ്മെത്തന്നെ നശിപ്പിക്കുന്നതിനുള്ള ഉപാധിയായിത്തീർന്നിരിക്കുന്നത്. പരമാണുവിനെ പിളർക്കാൻ അറിയുന്നവർ അവന്റെ ഹൃദയത്തിൽ സ്നേഹമില്ലെങ്കിൽ ഒരു രാക്ഷസനായിത്തീരുന്നു.

നമ്മുടെ കഴിവുകൾക്കൊത്ത ഒരു തൊഴിൽ നാം സ്വീകരിക്കുന്നു. എന്നാൽ ഒരു തൊഴിലിനെ അനുവർത്തിക്കുന്നതുകൊണ്ടു സംഘട്ടനത്തിലും താറുമാറിലും നിന്നു കരകയറാൻ നമുക്കു സാധിക്കുമോ? ഏതെങ്കിലും വിധത്തിലുള്ള സാങ്കേതികപരിശീലനം ആവശ്യംതന്നെ ആയിരിക്കാം. പക്ഷേ, നാം എൻജിനീയർമാരും ഡോക്ടർമാരും അക്കൗണ്ടന്റുകളും മറ്റുമായിക്കഴിഞ്ഞാൽ, പിന്നെന്താണ്? ജോലിചെയ്യൽ ജീവിതസാഫല്യം ആണോ? നമ്മളിൽ അധികംപേർക്കും അങ്ങനെ ആണെന്നാണു തോന്നുന്നത്. ജീവിതത്തിൽ ഏറിയസമയവും നാം വിവിധ തൊഴിലുകളിലുമായി ചെലവാക്കുന്നു. പക്ഷേ, നാം ഉത്പാദിപ്പിക്കുന്നതും നമ്മുടെ മനസ്സിനെ മോഹിപ്പിക്കുന്നതുമായ അതേ വസ്തുക്കൾ തന്നെ ദുരിതവും നാശവും വരുത്തിക്കൂട്ടുന്നു. നമ്മുടെ മനോഭാവങ്ങളും മൂല്യങ്ങളും, വസ്തുക്കളെയും തൊഴിലുകളെയും അസൂയയുടെയും അസന്തുഷ്ടിയുടെയും ദ്വേഷ്യത്തിന്റെയും ഉപകരണങ്ങളായിത്തീർക്കുന്നു.

നമ്മെത്തന്നെ മനസ്സിലാക്കാതിരിക്കുകയാൽ, കേവലം തൊഴിൽ എല്ലാത്തരം അനർത്ഥകരങ്ങളായ പ്രവൃത്തികളിലൂടെയുള്ള ഒഴിച്ചുകൂടാത്ത ഒളിച്ചോട്ടങ്ങളോടുകൂടിയ മനോഭംഗത്തിനിടവരുത്തുന്നു. ധാരണയില്ലാതെ വെറും കുശലത മാത്രം നേടുന്നത് ശത്രുതയിലേക്കും നിർദ്ദാക്ഷിണ്യത്തിലേക്കുമാണു നയിക്കുക – അതിനെ നാം സുന്ദരമായ വാക്കുകൾകൊണ്ട് മറച്ചുപിടിക്കുകയും ചെയ്യുന്നു. കുശലതയ്ക്ക് ദൃഢപ്രാബല്യം നല്കി കാര്യക്ഷമരാകുന്നതുകൊണ്ടു പരസ്പരവിനാശമാണു ഫലമെങ്കിൽ, അതിനെന്തു വിലയാണുള്ളത്? നമ്മുടെ സാങ്കേതിക പുരോഗതി അത്ഭുതകരമാണ്. പക്ഷേ, അതു പരസ്പരനാശത്തിനുള്ള നമ്മുടെ ശക്തികളെ വളർത്തുക മാത്രമേ ചെയ്തിട്ടുള്ളു. എല്ലാ ദേശങ്ങളിലും പട്ടിണിയും ദുരിതവും ഉണ്ട്. നമുക്ക് സമാധാനമോ സൗഖ്യമോ ഇല്ല.

പ്രവൃത്തി സർവപ്രധാനമായിത്തീരുമ്പോൾ ജീവിതം ശുഷ്കവും മുഷിപ്പനുമായിട്ടാണു തീരുക; യാന്ത്രികവും വന്ധ്യവുമായ ഒരു ദൈനംദിന ജീവിതചര്യയായിട്ടാണു പരിണമിക്കുക. അതിൽനിന്നു സകല തരത്തിലുള്ള വ്യതിചലനങ്ങളിലേക്കും നാം ഒളിച്ചോടുന്നു. അനേകം വസ്തുതകൾ ശേഖരിക്കുക, ത്രാണിയെ വളർത്തുക, എന്നിങ്ങനെ നാം വിദ്യാഭ്യാസമെന്നു വിളിക്കുന്ന കാര്യങ്ങൾ ഉദ്ഗ്രഥിതജീവിതത്തിന്റെയും പ്രവൃത്തിയുടെയും തികവിനെ അപഹരിച്ചുകളയുന്നു. ത്രാണി, കാര്യക്ഷമത എന്നിവയെ നാം ഇറുകിപ്പിടിക്കുന്നത് ജീവിതത്തിന്റെ മൊത്തം പ്രക്രിയ മനസ്സിലാക്കാത്തതുകൊണ്ടാണ്; അങ്ങനെ അവ കവിഞ്ഞ പ്രാധാന്യം കൈവരിക്കുന്നു; പക്ഷേ, പൂർണ്ണതയെ അംശങ്ങൾകൊണ്ട് അറിയാനൊക്കുകയില്ല. പ്രവൃത്തി, അനുഭവം എന്നിവയിലൂടെ മാത്രമേ അതിനെ അറിയാൻ സാധിക്കുകയുള്ളൂ.

സാമ്പത്തികമായി മാത്രമല്ല, മാനസികമായിട്ടുകൂടിയും ഒരു സുരക്ഷിതത്വബോധം ജനിപ്പിക്കുന്നു എന്നതാണ് നാം കുശലത വികസിപ്പിക്കാനുള്ള ഒരു കാരണം. നാം ശേഷിയും

# ഇന്നത്തെ വിദ്യാഭ്യാസം ഒരു തികഞ്ഞ പരാജയമാണ്

കാര്യക്ഷമതയും ഉള്ളവരാണെന്നറിയുന്നതു നമുക്ക് ആത്മവിശ്വാസം തരുന്നു. നമുക്കു പിയാനോ വായിക്കാനറിയാം അല്ലെങ്കിൽ കെട്ടിടം കെട്ടാനറിയാം എന്നുള്ള ബോധം നമുക്ക് ഊർജസ്വലതയും അതിക്രമമായ സ്വാതന്ത്ര്യബോധവും തരുന്നു. എന്നാൽ മാനസികമായ സുരക്ഷിതത്വം കൊതിച്ചു ത്രാണിക്ക് അമിതപ്രാധാന്യം നല്കുന്നതു ജീവിതത്തിന്റെ തികവിനെ നിരസിക്കുന്നതിനു തുല്യമാണ്. ജീവിതത്തിന്റെ ഉള്ളടക്കം മുഴുവൻ ഒരിക്കലും മുൻകൂട്ടി അറിയാവുന്നതല്ല; ഓരോ നിമിഷവും പുത്തനായി അനുഭവിച്ചറിയുവാനുള്ളതാണ്. പക്ഷേ, അജ്ഞാതമായതിനെപ്പറ്റിയുള്ള ഭയംമൂലം നാം വ്യവസ്ഥാസമ്പ്രദായങ്ങൾ, ടെക്നിക്കുകൾ, വിശ്വാസങ്ങൾ എന്നിവയുടെ രൂപത്തിൽ മാനസികമായ രക്ഷാമേഖലകൾ സ്ഥാപിക്കുന്നു. ആന്തരസുരക്ഷിതത്വം അന്വേഷിക്കുന്ന കാലത്തോളം നമുക്കു ജീവിതത്തിന്റെ മൊത്തം പ്രക്രിയ മനസ്സിലാക്കാനാവുന്നതല്ല.

ശരിയായ വിദ്യാഭ്യാസരീതി ഒരു ടെക്നിക്കിന്റെ പരിശീലനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം അതിനേക്കാൾ അത്യധികം പ്രാധാന്യമുള്ള ഒരു കാര്യം സാധിക്കേണ്ടതുണ്ട്. അതായത്, ഉദ്ഗ്രഥിതമായ ജീവിതപ്രക്രിയ അനുഭവിക്കാൻ അതു മനുഷ്യനെ സഹായിക്കണം. ഈ അനുഭവക്രിയയാണ് ശേഷിക്കും കുശലതയ്ക്കും അതിന്റേതായ സ്ഥാനം നല്കുന്നത്. ഒരുവന് യഥാർത്ഥമായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ, അതു പറയുക എന്നതുതന്നെ അതിന്റെ സ്വന്തം വാചകശൈലിയെ സൃഷ്ടിച്ചുകൊള്ളും. നേരേമറിച്ച്, ആന്തരമായ അനുഭവക്രിയ കൂടാതെ വാചകശൈലി പരിശീലിക്കുന്നത് ഉപരിപ്ലവത്തിനു കാരണമായിത്തീരുന്നു.

ലോകത്തിലാകെ എൻജിനീയർമാർ, മനുഷ്യനെക്കൂടാതെ പ്രവർത്തിക്കുന്ന യന്ത്രങ്ങളെ, ഭ്രാന്തുപിടിച്ചു സംവിധാനം ചെയ്തുകൊണ്ടിരിക്കുകയാണ്. മിക്കവാറും യന്ത്രങ്ങൾ കൊണ്ടുതന്നെ നടക്കുന്ന ഒരു ജീവിതത്തിൽ മനുഷ്യജീവികൾക്കെന്താണു സംഭവിക്കുക? ബുദ്ധിപൂർവം എങ്ങനെ വിനിയോഗിക്കണമെന്നറിയാൻ വയ്യാത്ത വിശ്രമവേളകൾ നമുക്കു കൂടുതൽ കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കും. വിജ്ഞാനം, അല്ലെങ്കിൽ വീര്യംകെടുത്തുന്ന വിനോദങ്ങൾ, അല്ലെങ്കിൽ ആദർശങ്ങൾ എന്നിവയിലൂടെ ഒളിച്ചോടാൻ നാം ശ്രമിക്കുകയും ചെയ്യും.

വിദ്യാഭ്യാസ ദർശനങ്ങളെപ്പറ്റി അനേകം പുസ്തകങ്ങൾ എഴുതിപ്പോയിട്ടുണ്ട്. എന്നിട്ടും നാം ഇന്നു പണ്ടത്തേതിലേറെ കുഴപ്പത്തിലാണ് അകപ്പെട്ടിരിക്കുന്നത്. ഒരു കുട്ടി പൂർണ്ണതയുള്ളവനും സ്വതന്ത്രനുമായിരിക്കത്തക്ക വിദ്യാഭ്യാസം നല്കാനുള്ള രീതികളൊന്നുമില്ല. തത്ത്വങ്ങൾ, ആദർശങ്ങൾ, രീതികൾ എന്നിവയെ ശ്രദ്ധിക്കുന്നിടത്തോളംകാലം, ഭീതികളും, ഉരസലുകളുമടങ്ങിയ ആത്മകേന്ദ്രിതമായ സ്വന്തം വൃത്തികളിൽ നിന്നും മോചനം നേടാൻ നാം വ്യക്തിയെ സഹായിക്കുന്നില്ല.

യുദ്ധത്തിനും സാർവത്രിക നാശത്തിനും അറുതി വരണമെങ്കിൽ, അതിനത്യാവശ്യമായ സമൂലഹൃദയ പരിവർത്തനം സംഭവിക്കേണ്ടിയിരിക്കുന്നു. ആദർശങ്ങളും ഒരു സങ്കല്പലോകത്തിനുവേണ്ടി തയ്യാറാക്കുന്ന കരടുപകർപ്പുകളും ഒരിക്കലും അതുണ്ടാക്കുകയില്ല. നമ്മുടെ ഇന്നത്തെ മൂല്യങ്ങളെ മാറ്റാൻ ശരിയായ തരത്തിലുള്ള വിദ്യാഭ്യാസത്തിനല്ലാതെ, ആദർശങ്ങൾക്ക് കഴിയുകയില്ല. "ഏതൊന്നാണോ ഉള്ളത്" അതിനെ മനസ്സിലാക്കാനുള്ള ശക്തിയെ പുലർത്തുകയാണ് ശരിയായ വിദ്യാഭ്യാസം.

ഒരു ആദർശത്തിനുവേണ്ടി, ഭാവിക്കുവേണ്ടി നാം ഒത്തൊരുമിച്ചു പ്രവർത്തിക്കുമ്പോൾ, ആ ഭാവിയെപ്പറ്റി നമുക്കുള്ള സങ്കല്പമനുസരിച്ചായിരിക്കും വ്യക്തികളെ രൂപപ്പെടുത്തുക. മനുഷ്യരിൽ നമുക്കു താൽപര്യമേയില്ല; അവർ എങ്ങനെയിരിക്കണമെന്നുള്ളതിനെക്കുറിച്ചു നമുക്കുള്ള സങ്കല്പത്തിൽ മാത്രമേ നമുക്കു താൽപര്യമുള്ളു. എന്തായിത്തീരണമെന്നുള്ളത്, എന്താണ് ഉള്ളത് എന്നതിനേക്കാൾ, അതായത്, സ്വന്തം സങ്കീർണ്ണതകളോടുകൂടിയ വ്യക്തിയെക്കാൾ നമുക്കു പ്രധാനമായിത്തീരുന്നു. അയാൾ എന്തായിത്തീരണമെന്നതിനെക്കുറിച്ചു നമുക്കുള്ള സങ്കല്പത്തിന്റെ മറയിലൂടെ നോക്കുന്നതിനു പകരം, നേരേ നോക്കി മനസ്സിലാക്കുന്നെങ്കിൽ, വാസ്തവത്തിൽ ഉള്ളതിൽതന്നെ നമുക്കു താൽപര്യമുണ്ടാകും. ആ അവസ്ഥയിൽ വ്യക്തിയെ മറ്റേതെങ്കിലുമാക്കിത്തീർക്കാൻ നാം ആഗ്രഹിക്കുകയില്ല. നമ്മുടെ ഏകശ്രദ്ധ സ്വയം മനസ്സിലാക്കാൻ അയാളെ സഹായിക്കുകയെന്നതു മാത്രമായിരിക്കും. അതിൽ സ്വാർത്ഥോദ്ദേശ്യമോ ലാഭചിന്തയോ അടങ്ങിയിട്ടില്ലതാനും. "ഏതൊന്നാണോ ഉള്ളത്" അതിനെക്കുറിച്ച് നാം പൂർണ്ണബോധവാന്മാരാണെങ്കിൽ, നാം അതിനെ മനസ്സിലാക്കുകയും അങ്ങനെ അതിൽനിന്നു മോചനം നേടുകയുംചെയ്യും. പക്ഷേ, നാം എന്താണെന്നുള്ളതിനെക്കുറിച്ചു ബോധമുണ്ടായിരിക്കണമെങ്കിൽ, നാം ഇല്ലാത്തതിനെച്ചൊല്ലി മല്ലടിക്കുന്ന പതിവു നിർത്തണം.

വർത്തമാനസ്ഥിതിയെക്കുറിച്ചുള്ള ധാരണയെ പ്രതിബന്ധിക്കുന്നതിനാൽ ആദർശങ്ങൾക്കു വിദ്യാഭ്യാസത്തിൽ സ്ഥാനമൊന്നുമില്ല. "ഏതൊന്നാണോ ഉള്ളത്" അതിനെക്കുറിച്ചു ബോധമുണ്ടാകുന്നതിന്, തീർച്ചയായും ഭാവിയിലേക്ക് ഒളിച്ചോടാതിരുന്നാൽ മാത്രമേ സാധിക്കുകയുള്ളു. ഭാവിയിലേക്കു നോക്കുക, ഒരു ആദർശത്തിനുവേണ്ടി ബുദ്ധിമുട്ടുക എന്നിവ മനസ്സിന്റെ ആലസ്യത്തെയും വർത്തമാനസ്ഥിതിയെയും ഒഴിവാക്കുന്നതിനുള്ള കാംക്ഷയെയുമാണു കാണിക്കുന്നത്.

മുൻകൂട്ടി തയ്യാറാക്കി വെച്ചിരിക്കുന്ന ഒരു സങ്കല്പലോകത്തെ അന്വേഷിച്ചുള്ള പുറപ്പാട് വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും ഉദ്ഗ്രഥനത്തെയും നിഷേധിക്കലല്ലേ? ഒരു ആദർശത്തെ, ഒരു രൂപവിധാനത്തെ അനുവർത്തിക്കുമ്പോൾ, അഥവാ എന്തായിരിക്കണമെന്നുള്ളതിനെപ്പറ്റി ഒരു സങ്കേതസൂത്രം ഉണ്ടെങ്കിൽ, ഒരുവൻ കേവലം ഉപരിപ്ലവവും യാന്ത്രികവുമായ ജീവിതമല്ലേ നയിക്കുക? നമുക്ക് ആദർശവാദികളെയോ യാന്ത്രികമനസ്സുള്ള സത്തകളെയോ അല്ല, ധിഷണാശാലികളും സ്വതന്ത്രരുമായ മനുഷ്യജീവികളെയാണു വേണ്ടത്. ഒരു കുറ്റമറ്റ സമുദായത്തിന്റെ രൂപസംവിധാനം മാത്രം ഉണ്ടായിരിക്കുകയെന്നാൽ, ഉള്ളതിനെ വിഗണിച്ചിട്ട്, എന്തായിരിക്കണമെന്നുള്ളതിനുവേണ്ടി വഴക്കടിക്കലും ചോരചിന്തലും ആണ്.

മനുഷ്യൻ യാന്ത്രികസത്തകൾ അഥവാ സ്വയംപ്രവർത്തിക്കുന്ന യന്ത്രങ്ങൾ, മാത്രമായിരുന്നെങ്കിൽ നമുക്കു ഭാവി മുൻകൂട്ടി പറയാനും ഒരു ഉത്തമമായ സങ്കല്പസ്വർഗ്ഗത്തിനു രൂപം നല്കാനും ആകും. അപ്പോൾ ഭാവിസമുദായത്തിനുവേണ്ടി, ഒരു പദ്ധതി സൂക്ഷിച്ചു തയ്യാറാക്കാനും അതിനുവേണ്ടി പ്രയത്നിക്കാനും നമുക്കു കഴിയും. പക്ഷേ, ഒരു നിശ്ചി

# ഇന്നത്തെ വിദ്യാഭ്യാസം ഒരു തികഞ്ഞ പരാജയമാണ്

തരൂപത്തിനൊത്തു പ്രതിഷ്ഠിക്കാവുന്ന യന്ത്രങ്ങളല്ല മനുഷ്യർ.

വർത്തമാനത്തിനും ഭാവിക്കുമിടയിൽ ഒരു വലിയ വിടവുണ്ട്. ആ വിടവിൽ നമ്മിൽ ഓരോരുത്തരുടെമേലും അനേകം സ്വാധീനങ്ങൾ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഭാവിക്കുവേണ്ടി വർത്തമാനത്തെ ബലികഴിക്കുമ്പോൾ, നാം ഒരുവേള കിട്ടാവുന്ന ശരിയായ ഒരു ലക്ഷ്യത്തിനുവേണ്ടി തെറ്റായ മാർഗ്ഗത്തെ അവലംബിക്കയായിരിക്കും ചെയ്യുന്നത്. പക്ഷേ, ഉപായം ഉപായത്തെ നിർണ്ണയിക്കുന്നു; നല്ല ഗ്രന്ഥത്തിൽനിന്നും മനസ്സിലാക്കിയതോ, നമ്മുടെ മഹത്ത്വേച്ഛകൾ, ആശകൾ, ഭീതികൾ എന്നിവയാൽ നിർണ്ണയിക്കപ്പെട്ടതോ ആയ ഒരു പ്രത്യേക രൂപമാതൃകയനുസരിച്ചു മനുഷ്യനെ കരുപ്പിടിപ്പിക്കാൻ നമുക്ക് എന്തവകാശമാണുള്ളത്?

ഒരു ഭാവിസങ്കല്പസ്വർഗ്ഗത്തെ അത് എത്രതന്നെ വാഗ്ദാനം ചെയ്യുന്ന ആശയസമ്പ്രദായമായിരുന്നാലും, ശരിയായ രീതിയിലുള്ള വിദ്യാഭ്യാസത്തിന് അതുമായി ബന്ധമൊന്നുമില്ല; എത്രതന്നെ സൂക്ഷിച്ചു ചിന്തിച്ചുണ്ടാക്കിയ വ്യവസ്ഥാസമ്പ്രദായമായിരുന്നാലും, വിദ്യാഭ്യാസം അതിനെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതല്ല. ഏതെങ്കിലും പ്രത്യേക രീതിയിൽ വ്യക്തിയെ ശീലവിധേയമാക്കുന്നതിന് (to condition) അതൊരു മാർഗ്ഗവുമല്ല. പക്വതയും സ്വാതന്ത്ര്യവും ഉള്ളവനായിരിക്കുന്നതിനും, നന്മയിലും സ്നേഹത്തിലും അത്യധികം പുഷ്പിക്കുന്നതിനും വ്യക്തിയെ സഹായിക്കുന്നതാണ് യഥാർത്ഥമായ അർത്ഥത്തിലുള്ള വിദ്യാഭ്യാസം. നാം തൽപരരായിക്കേണ്ടത് ഇതിലാണ്. ഏതെങ്കിലും ആദർശപരമായ രൂപമാതൃക അനുസരിച്ചു കുട്ടിയെ കരുപ്പിടിപ്പിക്കുന്നതിലല്ല.

മനഃപ്രകൃതവും അഭിരുചിയും അനുസരിച്ച് കുട്ടികളെ തരംതിരിക്കുന്ന ഏതു രീതിയും അവരുടെ ഭിന്നതകൾക്കു ദാർഢ്യം നല്കുക മാത്രമേ ചെയ്യൂ. അത് ശത്രുത ജനിപ്പിക്കുകയും സമുദായത്തിൽ വിഭജനങ്ങളെ പ്രോത്സാഹിപ്പിക്കുകും ചെയ്യുന്നു. അത് ഉദ്ഗ്രഥിതമനുഷ്യരുടെ വളർച്ചയിൽ സഹായിപ്പിക്കുന്നുമില്ല. യാതൊരു രീതിയും വ്യവസ്ഥാസമ്പ്രദായവും ശരിയായ വിദ്യാഭ്യാസം നല്കുകയില്ലെന്നും, ഒരു പ്രത്യേക രീതിയെപ്പറ്റിയുള്ള നിഷ്കൃഷ്ടമായ ആസക്തി അദ്ധ്യാപകന്റെ മനോമാന്ദ്യത്തെയാണു കാണിക്കുന്നതെന്നും വ്യക്തമാണ്. ഉറച്ച, നിർജ്ജീവമായ തത്ത്വങ്ങളിൽ വിദ്യാഭ്യാസം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നിടത്തോളംകാലം, കാര്യക്ഷമരായ സ്ത്രീപുരുഷന്മാരെ വാർത്തുവിടാൻ അതിനു കഴിയുമെങ്കിലും, സർഗ്ഗശക്തിയുള്ള മനുഷ്യരെ സൃഷ്ടിക്കാൻ സാധിക്കുകയില്ല.

സ്നേഹത്തിനു മാത്രമേ മറ്റൊരാളെ അറിയാനുള്ള കഴിവു നല്കാൻ സാധിക്കൂ. സ്നേഹമുള്ളേടത്ത്, ഒരേ നിലയിലും ഒരേ സമയത്തും മറ്റുള്ളവരുമായി ഞൊടിയിടയിൽ ഹൃദയസംവാദം നടക്കുന്നു. നാംതന്നെ ശുഷ്കഹൃദയരും ശൂന്യഹൃദയരും സ്നേഹവിഹീനരുമായതുകൊണ്ടാണ്, നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളും സ്വന്തം ജീവിതദിശയും ഏറ്റെടുക്കാൻ ഗവണ്മെന്റുകളെയും വ്യവസ്ഥാസമ്പ്രദായങ്ങളെയും നാം അനുവദിച്ചിരിക്കുന്നത്. പക്ഷേ, ഗവണ്മെന്റുകൾക്കു മനുഷ്യരെയല്ല, കാര്യക്ഷമരായ സാങ്കേതികവിദഗ്ദ്ധരെയാണാവശ്യം. എന്തെന്നാൽ മനുഷ്യജീവികൾ ഗവണ്മെന്റുകൾക്ക്—അതുപോലെതന്നെ മത സംഘടനകൾക്കും—ഭീഷണിയായിത്തീരുന്നു. ഗവണ്മെന്റുകളും മതസംഘടനകളും വിദ്യാഭ്യാസത്തെ നിയന്ത്രിക്കാൻ പുറപ്പെടുന്നതിനു കാരണം ഇതാണ്.

എത്രതന്നെ നല്ല ഭാവനയോടെ ആലോചിച്ചുണ്ടാക്കിയതായാലും ഒരു വ്യവസ്ഥാസമ്പ്രദായത്തെ അനുസരിക്കുന്ന രീതിയിൽ ജീവിതത്തെ ചിട്ടപ്പെടുത്തുകയോ, ആ മാതിരി ചട്ടക്കൂട്ടിൽ അതിനെ ഒതുക്കുകയോ ചെയ്യാൻ സാധിക്കുന്നില്ല. വിവിധ വസ്തുതകളെപ്പറ്റിയുള്ള വിവരങ്ങളുടെ പരിജ്ഞാനത്തിൽ അഭ്യസിപ്പിക്കപ്പെട്ട മനസ്സിന് ജീവിതത്തെ, അതിന്റെ വൈവിദ്ധ്യങ്ങളോടും സൂക്ഷ്മഭാവങ്ങളോടും, അതിന്റെ അഗാധതലങ്ങളോടും ഉച്ചകോടികളോടും കണ്ടുകൂടാൻ കഴിയുന്നതല്ല. ഒരു ചിന്താസമ്പ്രദായപ്രകാരം, അഥവാ പ്രത്യേക ശിക്ഷണസമ്പ്രദായ പ്രകാരം നാം കുട്ടികളെ പരിശീലിപ്പിക്കുമ്പോൾ, വിവിധ വിഭാഗങ്ങളിൽ നിന്നുകൊണ്ടു ചിന്തിക്കാൻ അവരെ പഠിപ്പിക്കുമ്പോൾ, അവർ ഉദ്ഗ്രഥിത സ്ത്രീപുരുഷന്മാരായി വളരുന്നതിൽ നാം വിഘ്നമുണ്ടാക്കുന്നു. അതിനാൽ ബുദ്ധിപൂർവ്വം ചിന്തിക്കാൻ, അതായത്, ജീവിതത്തെ മൊത്തത്തിൽ അഭിമുഖീകരിക്കാൻ അവർക്കു കഴിവില്ലാതാകുന്നു.

ജീവിതത്തെ മൊത്തത്തിൽ കൈകാര്യം ചെയ്യാൻ കഴിവുള്ള ഒരു ഉദ്ഗ്രഥിതവ്യക്തിയെ ഉളവാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ ധർമ്മം. ആദർശവാദിയും, സ്പെഷ്യലിസ്റ്റിനെപ്പോലെതന്നെ, മൊത്തത്തെപ്പറ്റിയല്ല അംശത്തെപ്പറ്റിയാണു ശ്രദ്ധിക്കുന്നത്. ആദർശയോഗ്യമായ ഒരു രൂപമാതൃകയെ അനുവർത്തിക്കുന്നിടത്തോളം കാലം, ഉദ്ഗ്രഥനം ഉണ്ടാകാൻ നിവൃത്തിയില്ല. ആദർശവാദികളായ മിക്ക അദ്ധ്യാപകരും സ്നേഹത്തെ തള്ളിക്കളഞ്ഞിരിക്കുന്നു.അവർക്ക് ശുഷ്കമനസ്സുകളും കഠിനഹൃദയങ്ങളുമാണുള്ളത്. ഒരു കുട്ടിയെ മനസ്സിലാക്കുന്നതിനു ഒരുവൻ ജാഗരൂകമായിരിക്കണം, ശ്രദ്ധാലുവായിരിക്കണം, തന്നെക്കുറിച്ച് അവബോധമുള്ളവനായിരിക്കണം. അതിനാകട്ടെ, ഒരു ആദർശത്തെ അനുസരിക്കാൻ അവനെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമുള്ളതിലേറെ ധിഷണയും വാത്സല്യവും വേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ മറ്റൊരു ധർമ്മം പുതിയ മൂല്യങ്ങളെ സൃഷ്ടിക്കുകയാണ്. കുട്ടിയുടെ മനസ്സിൽ തൽക്കാലം നിലവിലുള്ള മൂല്യങ്ങളെ ഉറപ്പിക്കുക, ആദർശങ്ങളുമായി അവനെ ചിട്ടപ്പെടുത്തുക, ഇതെല്ലാം ധിഷണാശക്തിയെ ഉണർത്താതെ അവനെ ശീലവിധേയനാക്കുകയായിരിക്കും ചെയ്ക. വിദ്യാഭ്യാസം ഇന്നത്തെ ലോകത്തിലെ ദുർഘടസന്ധിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ സാർവലൗകികമായ താറുമാറിന്റെ കാരണങ്ങൾ അറിയുന്ന അദ്ധ്യാപകൻ, വിദ്യാർത്ഥിയുടെ ധിഷണാശക്തിയെ ഉണർത്തുന്നതെങ്ങനെയെന്നു തന്നോടുതന്നെ ചോദിക്കണം. അങ്ങനെ അടുത്ത തലമുറ കൂടുതൽ സംഘട്ടനവും വ്യാപത്തിയും വരുത്തിക്കൂട്ടാതിരിക്കാൻ സഹായിക്കയും ചെയ്യേണ്ടതാണ്. ഒരു കുട്ടി പ്രായമാകുമ്പോൾ അവനെ നേരിടുന്ന മാനുഷികപ്രശ്നങ്ങളെ ധിഷണാപരമായി കൈകാര്യം ചെയ്യാൻ കഴിയത്തക്കവിധം ശരിയായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും കാര്യബോധത്തെ വളർത്തുന്നതിനും അയാൾ സകലചിന്തയും സകലശ്രദ്ധയും വാത്സല്യവും വിനിയോഗിക്കണം. പക്ഷേ, ഇതു ചെയ്യുന്നതിന് അദ്ധ്യാപകൻ ആശയസമ്പ്രദായങ്ങൾ, വ്യവസ്ഥാസമ്പ്രദായങ്ങൾ, വിശ്വാസങ്ങൾ എന്നിവയെ അവലംബിക്കുന്നതിനു പകരം തന്നെത്തന്നെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

*''വിദ്യാഭ്യാസവും ജീവിതത്തിന്റെ പൊരുളും" എന്ന പുസ്തകത്തിൽ നിന്ന്.* ■

# വിദ്യാഭ്യാസത്തിന്റെ പ്രവൃത്തിയെന്താണ്?

വിദ്യാഭ്യാസം ചെയ്യുന്നതെന്തിനാണ്? ചരിത്രവും ഗണിതശാസ്ത്രവും ഭൂമിശാസ്ത്രവും അല്ലെങ്കിൽ മറ്റേതെങ്കിലും വിഷയവും പഠിക്കുന്നതെന്തിനാണ്? സ്കൂളിലേക്കും കോളേജിലേക്കും പോകുന്നതെന്തിനാണ്? ഇതിനെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? വസ്തുതാപരമായ വിവരം, അറിവ്, നിങ്ങളിൽ കുത്തി നിറയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്നത് എന്തിനാണെന്നു മനസ്സിലാക്കേണ്ടതു വളരെ പ്രധാനമല്ലേ? വിദ്യാഭ്യാസമെന്നു വിളിക്കപ്പെടുന്ന ഈ പ്രക്രിയ എന്താണ്? അച്ഛനമ്മമാർ നിങ്ങളെ ഇവിടേക്കയയ്ക്കുന്നത് ഒരുപക്ഷേ, അവരും ചില പരീക്ഷകൾ ജയിച്ചതുകൊണ്ടും പലതരം ബിരുദങ്ങൾ നേടിയതുകൊണ്ടുമായിരിക്കും. നിങ്ങൾ നിങ്ങളോടുതന്നെയോ, അദ്ധ്യാപകർ നിങ്ങളോടോ, നിങ്ങളിവിടെ വരുന്നതെന്തിനെന്ന് എപ്പോഴെങ്കിലും ചോദിച്ചിട്ടുണ്ടോ? തങ്ങളിവിടെ വരുന്നതെന്തിനെന്ന് അദ്ധ്യാപകർക്കറിയാമോ? പഠിക്കാനും പരീക്ഷകൾ ജയിക്കാനും, വീട്ടിൽനിന്നകലെ ഒരു പ്രത്യേക സ്ഥലത്ത് ഭയംകൂടാതെ ജീവിക്കാനും, നന്നായി കളിക്കാനും മറ്റുമുള്ള ഈ സമരം എന്തിനാണെന്നു കണ്ടെത്താൻ നിങ്ങൾ ശ്രമിക്കേണ്ടതല്ലേ? പരീക്ഷകൾ ജയിക്കാൻ നിങ്ങളെ തയ്യാറാക്കുകമാത്രം ചെയ്യാതെ ഇതൊക്കെ അന്വേഷിക്കാനും അദ്ധ്യാപകർ നിങ്ങളെ സഹായിക്കേണ്ടതല്ലേ?

ഉപജീവനാർത്ഥം ഒരു ജോലി സമ്പാദിക്കേണ്ടിവരുമെന്നു ബോധ്യമുള്ളതിനാൽ ആൺകുട്ടികൾ പരീക്ഷകൾ ജയിക്കുന്നു. പെൺകുട്ടികളോ? നല്ല ഭർത്താക്കന്മാരെ കിട്ടാനോ? ചിരിക്കേണ്ട; ഇതേക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കൂ, നിങ്ങൾ വീട്ടിലൊരു ശല്യമായതുകൊണ്ടാണോ അച്ഛനമ്മമാർ നിങ്ങളെ സ്കൂളിലേക്കയയ്ക്കുന്നത്? വെറും പരീക്ഷകൾ ജയിച്ചതുകൊണ്ട് ജീവിതത്തിന്റെ സമഗ്രസാരം മനസ്സിലാക്കാൻ നിങ്ങൾക്കു സാധിക്കുമോ? പരീക്ഷകൾ ജയിക്കാൻ ചിലർ വലിയ വിരുതന്മാരാണ്. എന്നാലതുകൊണ്ട് അവർ ബുദ്ധിമാന്മാരാകണമെന്നില്ല. പരീക്ഷകൾ എങ്ങനെ ജയിക്കാമെന്നറിയാത്ത മറ്റു ചിലർ വളരെയേറെ ബുദ്ധിയുള്ളവരായിരിക്കാം; അവർ കൂടുതൽ കരവിരുതുള്ളവരും പരീക്ഷകൾ ജയിക്കാൻ കാണാപ്പാഠം പഠിക്കുകമാത്രം ചെയ്യുന്നവനെക്കാളേറെ ആഴത്തിൽ ചിന്തിച്ചു കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവുള്ളവരുമാവാം.

ആൺകുട്ടികളിലേറെപ്പേരും പഠിക്കുന്നത് ഒരു ജോലി കിട്ടാൻ മാത്രമാണ്; അവരുടെ ജീവിതത്തിന്റെ പരമലക്ഷ്യം അതാണ്. എന്നാൽ ഒരു ജോലി കിട്ടിയതിന്നുശേഷം എന്തു സംഭവിക്കുന്നു? അവർ വിവാഹിതരാകുന്നു, അവർക്കു കുഞ്ഞുങ്ങളുണ്ടാകുന്നു. അവരുടെ ശേഷജീവിതം വെറും യാന്ത്രികമായിത്തീരുന്നു. അവർ ഗുമസ്തന്മാരോ വക്കീലന്മാരോ പോലീസുകാരോ ആയിത്തീരുന്നു. തങ്ങളുടെ ഭാര്യമാരും കുട്ടികളുമായി അവർക്കു തീരാസമരം ചെയ്യേണ്ടിവരുന്നു.

പെൺകുട്ടികൾക്കെന്തു സംഭവിക്കുന്നു? നിങ്ങൾ വിവാഹിതരാകുന്നു. അതാണ് നിങ്ങളുടെ ലക്ഷ്യം–സ്വന്തം അച്ഛനമ്മമാരുടേതെന്നപോലെ പിന്നെ നിങ്ങൾക്കു കുഞ്ഞുങ്ങളുണ്ടാകുന്നു. കൈയിൽ കുറച്ചു പണമുണ്ടെങ്കിൽ സാരിയിലും നിങ്ങളുടെ രൂപഭംഗിയിലും മാത്രമായിരിക്കും നിങ്ങളുടെ ശ്രദ്ധ. ഭർത്താക്കന്മാരുമായുള്ള കലഹങ്ങളും ജനം എന്തു പറയുമെന്നുള്ള ഭയവും നിങ്ങളെ അസ്വസ്ഥരാക്കുന്നു.

ഇതെല്ലാം നിങ്ങൾ കാണുന്നുണ്ടോ? കുടുംബത്തിലും അയൽപക്കത്തും ഇതു സംഭവിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി നിങ്ങൾ ബോധവാന്മാരാണോ? ഇത് എപ്പോഴും നടന്നുകൊണ്ടിരിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? വിദ്യാഭ്യാസത്തിന്റെ അർത്ഥമെന്താണ്? വിദ്യാഭ്യാസം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നതെന്തുകൊണ്ടാണ്. നിങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന അച്ഛനമ്മമാരുടെ ഉദ്ദേശ്യമെന്താണ്? വിദ്യാഭ്യാസം ലോകത്തിൽ നിർവ്വഹിക്കുന്നുവെന്നു കരുതപ്പെടുന്ന കാര്യങ്ങളെപ്പറ്റി അവർ കൊട്ടിഘോഷിക്കുന്നതെന്തുകൊണ്ടാണ്? ഈ ചോദ്യങ്ങൾക്കെല്ലാം നിങ്ങൾ ഉത്തരം കണ്ടെത്തേണ്ടതില്ലേ? ബർണാഡ്ഷായുടെ നാടകങ്ങൾ വായിക്കാൻ നിങ്ങൾക്കു കഴിഞ്ഞേക്കാം. ഷേക്സ്പിയറെയോ വോൾട്ടയറെയോ അല്ലെങ്കിൽ മറ്റേതെങ്കിലും പുതിയ തത്ത്വ ശാസ്ത്രജ്ഞനെയോ ഉദ്ധരിക്കാൻ നിങ്ങൾ സമർത്ഥനായേക്കാം. എന്നാൽ നിങ്ങളിൽത്തന്നെ ധിഷണാശക്തിയും സർഗ്ഗശേഷിയും ഇല്ലെങ്കിൽ ഈ വിദ്യാഭ്യാസംകൊണ്ടെന്തു കാര്യം?

അതുകൊണ്ട് എങ്ങനെ ധിഷണാശാലികളാകുമെന്നു കണ്ടുപിടിക്കേണ്ടതു വിദ്യാർത്ഥികൾക്കെന്നപോലെ, അദ്ധ്യാപകർക്കും പ്രധാനമല്ലേ? വായിക്കാനും പരീക്ഷകൾ ജയിക്കാനും യോഗ്യത നേടുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല വിദ്യാഭ്യാസം; ഏതൊരു സമർത്ഥനും അതു ചെയ്യാവുന്നതേയുള്ളു. വിദ്യാഭ്യാസമെന്നാൽ ധിഷണയുടെ സംസ്കരണമാണ്. ധിഷണയെന്നാൽ ഞാനുദ്ദേശിക്കുന്നത് കൗശലമോ മറ്റൊരാളെ പുറന്തള്ളാനുള്ള സാമർത്ഥ്യമോ അല്ല. ധിഷണ തീർച്ചയായും വ്യത്യസ്തമായ ഒന്നാണ്. നിങ്ങൾ നിർഭയനാകുമ്പോൾ ധിഷണയുണ്ടാകുന്നു. നിങ്ങളപ്പോൾ ഭയപ്പെടുന്നു. അച്ഛനമ്മമാരോ മറ്റുള്ളവരോ നിങ്ങളെപ്പറ്റി എന്തു പറയുന്നുവെന്ന ചിന്ത നിങ്ങളെ ഭയപ്പെടുത്തുന്നു. വിമർശിക്കപ്പെടുമോ ശിക്ഷിക്കപ്പെടുമോ ഒരു പരീക്ഷയിൽ തോല്ക്കുമോ എന്ന് നിങ്ങൾ ഭയപ്പെടുന്നു. അദ്ധ്യാപകന്റെ ശകാരമേല്ക്കുമ്പോൾ അല്ലെങ്കിൽ ക്ലാസ്സിലോ സ്കൂളിലോ അയൽപക്കത്തോ നിങ്ങൾ ജനസമ്മതനല്ലെങ്കിൽ ഭയം മെല്ലെ നുഴഞ്ഞെത്തുന്നു.

ഭയം വ്യക്തമായും ധിഷണാശക്തിക്കുള്ള പ്രതിബന്ധങ്ങളിലൊന്നാണ്. അല്ലേ? ഭയത്തിന്റെ കാരണങ്ങളെപ്പറ്റി അവബോധവും ധാരണയും വളർത്തുകയും തന്മൂലം ചെറുപ്പത്തിലേ നിർഭയനായി ജീവിക്കാൻ വിദ്യാർഥിയെ —നിങ്ങളെയും എന്നെയും — സഹായിക്കുകയുമാണ് തീർച്ചയായും വിദ്യാഭ്യാസത്തിന്റെ അന്തസ്സാരം.

നിങ്ങൾക്കു ഭയമുണ്ടെന്നതിനെപ്പറ്റി നിങ്ങൾ ബോധവാനാണോ? നിശ്ചയമായും നിങ്ങൾക്കു ഭയമുണ്ട്, ഇല്ലേ? അല്ലെങ്കിൽ ഭയത്തിൽനിന്നു നിങ്ങൾ സ്വതന്ത്രനാണോ? നിങ്ങളുടെ മാതാപിതാക്കന്മാരെ, നിങ്ങളുടെ അദ്ധ്യാപകരെ, മറ്റുള്ളവരുടെ അഭിപ്രായങ്ങളെ നിങ്ങൾ ഭയപ്പെടുന്നില്ലേ? അച്ഛനമ്മമാരും സമൂഹവും അംഗീകരിക്കാത്ത ഒരു കാര്യം നിങ്ങൾ ചെയ്തുവെന്നിരിക്കട്ടെ; അപ്പോൾ നിങ്ങൾക്കു ഭയമുണ്ടാവുകയില്ലേ? നിങ്ങളുടെ ജാതിയിലോ ഗോത്രത്തിലോ പെടാത്ത ഒരാളെ വിവാഹം ചെയ്യാൻ നിങ്ങൾ ആഗ്രഹിച്ചുവെന്നു

# വിദ്യാഭ്യാസത്തിന്റെ പ്രവൃത്തിയെന്താണ്?

കരുതുക; അപ്പോൾ ജനങ്ങളെന്തു പറയുമെന്നു വിചാരിച്ചു നിങ്ങൾ ആശങ്കാകുലനാകില്ലേ? നിങ്ങളുടെ ഭാവിവരനു വേണ്ടത്ര പണമോ പദവിയോ പ്രശസ്തിയോ ഇല്ലെങ്കിൽ നിങ്ങൾ ലജ്ജിക്കുകയില്ലെ? നിങ്ങളെപ്പറ്റി സുഹൃത്തുക്കൾ ഉചിതമായി വിചാരിച്ചേക്കില്ലെന്നോർത്തു നിങ്ങൾ ഭയപ്പെടുകയില്ലേ? രോഗത്തെയും മരണത്തെയും നിങ്ങൾ ഭയപ്പെടുന്നില്ലേ?

നമ്മളിലേറെപ്പേരും ചകിതരാണ്. ‘അല്ല’ എന്ന് അത്ര വേഗത്തിൽ പറയേണ്ട. അതിനെക്കുറിച്ചു നാം ചിന്തിച്ചിട്ടില്ലായിരിക്കാം. എന്നാൽ ശരിയായി ചിന്തിക്കുകയാണെങ്കിൽ ഒരുകാര്യം നമുക്കു കാണാം: ലോകത്തിൽ മിക്കവാറും എല്ലാവർക്കും—മുതിർന്നവർക്കും കുട്ടികൾക്കും—അവരുടെ ഹൃദയത്തെ കാർന്നുതിന്നുന്ന ഏതെങ്കിലും ഭയമുണ്ടായിരിക്കും. ഭയമുക്തനും അതുവഴി ധിഷണാശാലിയും ആയിത്തീരാൻ ഓരോ വ്യക്തിയെയും സഹായിക്കേണ്ടതു വിദ്യാഭ്യാസത്തിന്റെ കർത്തവ്യമല്ലേ? അതാണ് ഒരു വിദ്യാലയത്തിൽ നമ്മുടെ ലക്ഷ്യം. അതിന്നർത്ഥം, അദ്ധ്യാപകർതന്നെ യഥാർത്ഥമായി ഭയവിമുക്തരായിരിക്കണമെന്നാണ്. അവർ തങ്ങളുടെ ഭാര്യമാരെയോ ഭർത്താക്കന്മാരെയോ അയൽവാസികളുടെ പ്രസ്താവനെയോ ഭയപ്പെടുന്നപക്ഷം നിർഭയത്വത്തെക്കുറിച്ച് അവർ സംസാരിക്കുന്നതുതന്നെ വ്യർത്ഥമല്ലെ?

ഭയമുണ്ടെങ്കിൽ ഒരുവന് സൃഷ്ടിപരമായ അർത്ഥത്തിൽ പ്രാരംഭണശേഷി (initiative) ഉണ്ടാവാൻ സാദ്ധ്യമല്ല. ഇത്തരം പ്രാരംഭണശേഷിയെന്നു വച്ചാൽ, നിയന്ത്രണമോ നിർബന്ധമോ നേതൃത്വമോ ഇല്ലാതെ സ്വാഭാവികമായി, യത്നരഹിതമായി, മൗലികമായി എന്തെങ്കിലും ചെയ്യുകയെന്നാണ്. അതു നിങ്ങൾ സ്നേഹത്തോടെ ചെയ്യുന്ന ഒരു കാര്യമാണ്. നിരത്തിന്റെ നടുവിൽ കിടക്കുന്ന ഒരു കല്ലിനെ ഇടിച്ചുകൊണ്ട് ഒരു കാർ കടന്നുപോകുന്നത് നിങ്ങൾ പലപ്പോഴും കണ്ടിട്ടുണ്ടാകാം. ആ കല്ല് നിങ്ങളെപ്പോഴെങ്കിലും എടുത്തു മാറ്റിയിട്ടുണ്ടോ? അല്ലെങ്കിൽ നടക്കാനിറങ്ങുമ്പോൾ പാവങ്ങളെയും കർഷകരെയും ഗ്രാമീണരെയും നിരീക്ഷിക്കുകയും, ദയാലുവായി എന്തെങ്കിലും ചെയ്യുകയും ചെയ്തിട്ടുണ്ടോ — സ്വാഭാവികമായി, നൈസർഗ്ഗികമായി, ഹൃദയംഗമമായി, മറ്റാരുടെയും നിർദ്ദേശം കിട്ടാൻ കാത്തുനില്ക്കാതെ ചെയ്തിട്ടുണ്ടോ?

നിങ്ങൾക്കു ഭയമുണ്ടെങ്കിൽ ഇതെല്ലാം നിങ്ങളുടെ ജീവിതത്തിൽ നിന്നും അകറ്റപ്പെടുന്നു; നിങ്ങൾക്കു സംവേദനക്ഷമത ഇല്ലാതാകുന്നു; ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ നിരീക്ഷിക്കാനും സാധിക്കാതെ വരുന്നു. ഭയം നിമിത്തം നിങ്ങൾ പാരമ്പര്യത്തിന്റെ പിടിയിലകപ്പെടുന്നു; ഏതെങ്കിലും നേതാവിനെയോ ഗുരുവിനെയോ അനുഗമിക്കുന്നു. പാരമ്പര്യം നിങ്ങളെ ബന്ധിക്കുമ്പോൾ, ഭർത്താവിനെയോ ഭാര്യയെയോ നിങ്ങൾ ഭയപ്പെടുമ്പോൾ ഒരു വ്യക്തിപരമായ മനുഷ്യജീവിയെന്ന നിലയ്ക്കുള്ള അന്തസ്സ് നിങ്ങൾക്കു നഷ്ടപ്പെടുന്നു.

അതുകൊണ്ട് ചില പരീക്ഷകൾ ജയിക്കാൻ നിങ്ങളെ തയ്യാറാക്കുക മാത്രം ചെയ്യാതെ—അതെത്രതന്നെ അത്യാവശ്യമാണെന്നിരിക്കിലും-- നിങ്ങളെ ഭയവിമുക്തനാക്കുകയെന്നത് വിദ്യാഭ്യാസത്തിന്റെ ധർമ്മമല്ലെ? അടിസ്ഥാനപരമായി, അഗാധമായി അതായിരിക്കണം വിദ്യാഭ്യാസത്തിന്റെയും ഓരോ അദ്ധ്യാപകന്റെയും പരമലക്ഷ്യം—കുട്ടിക്കാലം മുതൽക്കേ നിങ്ങളെ ഭയത്തിൽനിന്നും പൂർണ്ണായി മോചിപ്പിക്കുകയും അങ്ങനെ ജീവിതത്തിൽ പ്രവേശിക്കുമ്പോൾ യഥാർത്ഥമായ പ്രാരംഭണശേഷിയുള്ള ധിഷണാശാലിയായ ഒരു മനുഷ്യനാകാൻ നിങ്ങളെ സഹായിക്കുകയും ചെയ്യുക.

നിങ്ങൾ അനുകരിക്കുകമാത്രം ചെയ്യുമ്പോൾ, ഒരു രാഷ്ട്രീയനേതാവിനെയോ മതബോധമുള്ള ഒരു സന്ന്യാസിയെയോ അനുഗമിച്ചുകൊണ്ടു പാരമ്പര്യത്തിന്റെ പിടിയിലമരുമ്പോൾ നിങ്ങളുടെ പ്രാരംഭണശേഷി നശിക്കുന്നു. ആരെയായാലും അനുഗമിക്കുകയെന്നത് ധിഷണാശക്തിക്കു തീർത്തും നാശകരമാണ്. അനുഗമിക്കുകയെന്ന പ്രക്രിയതന്നെ ഭയത്തെയുണ്ടാക്കുന്നു. അസാധാരണമായ സങ്കീർണ്ണതകൾ, പോരാട്ടങ്ങൾ, ദുഃഖങ്ങൾ, ദാരിദ്രം, സമ്പദ്സമൃദ്ധി,പക്ഷികളുടെ ഭംഗി, വെള്ളത്തിൽ പ്രതിഫലിക്കുന്ന അസ്തമയത്തിന്റെ സൗന്ദര്യം— ഇതെല്ലാമുൾക്കൊള്ളുന്ന ജീവിതത്തെ മനസ്സിലാക്കാൻ ഭയം അനുവദിക്കുകയില്ല. ചകിതനാകുമ്പോൾ ഇതിനോടൊന്നും സംവേദിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല.

നാം സംസാരിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി വിവരിച്ചുകൊണ്ട് അദ്ധ്യാപകരോടു നിങ്ങളാവശ്യപ്പെടുമെന്നു ഞാനാശിക്കുന്നു. നിങ്ങളെങ്ങനെ ചെയ്യുമോ? ഈ കാര്യങ്ങളെല്ലാം അവർക്കു മനസ്സിലായിട്ടുണ്ടോ എന്നു സ്വയം കണ്ടെത്തുക. നിർദ്ദയനാകാൻ, കൂടുതൽ ധിഷണാശക്തിയുണ്ടാകാൻ നിങ്ങളെ സഹായിക്കുന്നതിന് അതവർക്കു സഹായകമാകും. ഇത്തരം കാര്യങ്ങളിൽ നമുക്കാവശ്യം ധിഷണാശാലികളായ അദ്ധ്യാപകരെയാണ്.

*‘മുമ്പിലുള്ള ജീവിതം’ എന്ന പുസ്തകത്തിൽ നിന്ന്.*

■

*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*